# ‘സൽപ്രവർത്തികൾക്കായി സൃഷ്ടിക്കപ്പെട്ടവർ’

**എഫെസ്യർ 2:10**

“നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു; നാം ചെയ്തുപോരേണ്ടതിന്നു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു”.

പല പുതിയ തീരുമാനങ്ങളും ഇച്ഛകളും ആയിട്ടാണ് ഒരു പുതുവർഷത്തിലേക്ക് കടക്കുന്നത്. കഴിഞ്ഞ നാളുകളിൽ പൂർത്തികരിക്കാൻ പറ്റാത്തതിന്റെ പൂർത്തീ കരണത്തിനും, പുതിയ കാര്യങ്ങളുടെ ആവിഷ്ക്കരണവും, നടപ്പാക്കലും എല്ലാം ഇതിലുൾപ്പെടും. എങ്കിലും വർഷാവസാനം തിരിഞ്ഞുനോക്കുമ്പോൾ എവിടെയൊ ക്കെയോ ഒരു ശൂന്യത (വിടവ്) അനുഭവപ്പെടാം.

കുറിവാക്യത്തിൽ കണ്ടതുപോലെ ദൈവത്തിന്റെ സൽപ്രവർത്തികൾക്കായിട്ടാണ് നാം പണിയപ്പെട്ടത്, പണിയപ്പെട്ടു കൊണ്ടിരിക്കുന്നത്. യേശുവുമായിട്ടുള്ള ഒരു താദാത്മ്യബന്ധം ജീവിതത്തിൽ ഏറ്റെടുക്കാൻ പറ്റുക എന്നതാണ് അതിപ്രധാനം. ഒരു പുതിയ ഭാവത്തിൽ അവനെ ആസ്വദിക്കാൻ കവിഞ്ഞാൽ പുതുവർഷം തീർച്ചയായും അനുഗ്രഹീതമാകും. സ്വന്ത ഇഷ്ടത്തിലും ആഗ്രഹത്തിലും ഉരുവാകുന്നതല്ല, മറിച്ച് ദൈവാലോചനയോടെ വിശ്വാസത്താൽ ഉളവാകുന്ന പ്രവർത്തികളുടെ പൂർത്തീകരണത്തി നായി ശ്രമിക്കാം.

എന്താണ് വിശ്വാസത്താൽ ഉളവാകുന്ന പ്രവർത്തികൾ? ഒരിക്കലായി നാം അവന്റെ കൈപ്പണിയായി സൃഷ്ടിക്കപ്പെട്ടുവെന്ന് കണ്ടല്ലോ. രക്ഷിക്കപ്പെട്ടതിനു കാരണം വിശ്വാസവും പ്രവർത്തിയും അല്ല, എന്നാലോ “പ്രവർത്തിക്കുന്ന വിശ്വാസം” ആകുന്നു. വിശ്വാസിയിൽ ദൈവം പ്രവർത്തിക്കുന്നു, പ്രവർത്തിപ്പിക്കുന്നു. ദൈവീക പ്രവർത്തികൾ മാത്രം നല്ലതാകുന്നു, കാരണം ദൈവം ഒരുവനെ നല്ലവനായുള്ളൂ. ദൈവത്തിന്റെ പരിശു ദ്ധാത്മാവ് അവനിലും, അവനിലൂടെയും സൽപ്രവർത്തിക്കായി പ്രവർത്തിച്ചു കൊണ്ടിരി ക്കുന്നു.

ദൈവീകപ്രവർത്തികൾ നമ്മിൽനിന്നു പുറപ്പെടാൻ ഏല്പിച്ചുകൊടുക്കാം. വളരെ ചെറിയ കാര്യമായാൽപോലും ദൈവഹിതപ്രകാരം അവന്റെ ഇഷ്ടത്തിനനുസരിച്ചുള്ള ജീവിതം ആയിരിപ്പാൻ പുതുവർഷം ഇടയാകട്ടെ. പ്രഭാതം മുതൽ പ്രദോഷം വരെ അവന്റെ ആലോചന അറിയിക്കണമേ എന്നുള്ള ഒരു പ്രാർത്ഥന മാത്രമാകട്ടെ ഒരു ദൈവ പൈതലിന്റെ ജീവിതം.

ഒരു **football** കളിയിലേതുപോലെ കർത്താവിന്റെ കൈയിലേക്ക് കളിക്കാരനായി ബോൾ കൊടുക്കുക. അവനത് ഗോളാക്കും. സാത്താൻ ആക്രോശിക്കും, എങ്കിലും ദൈവത്തിന്റെ ഊഴമാകുമ്പോൾ അവനത് സ്കോർ ആക്കും. നാളിതുവരെയും ജീവിതമാകുന്ന പന്ത് തട്ടിക്കളിച്ച് പരാജയപ്പെട്ടിട്ട് യേശുവിന്റെ കൈയിലേക്ക് ഇനിയെങ്കിലുമൊന്നു കൊടുത്താൽ ദൈവഹിതപ്രകാരമുള്ള പ്രവർത്തികളുടെ സ്കോർ തീർച്ചയായും ലഭിക്കും.

പ്രിയദൈവപൈതലേ, അവനായി നൽകുക. യേശുവിന്റെ മനസ്സ് നമ്മിൽ പ്രവർത്തിക്കാനാരംഭിക്കുമ്പോൾ അവന്റെ ഇഷ്ടം ചെയ്യാൻ മാത്രം നാം ആഗ്രഹമുള്ളവരാകും. അതിന് ചിലപ്പോൾ പ്രസിദ്ധിയോ, മാനമോ ലോകപ്രകാരം ലഭിച്ചെന്നു വരില്ല. ഒന്നുമാത്രം ഓർക്കുക, നാം അവന്റെ കൈവേലയാണ്. നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനും ആയവൻ, ആരംഭത്തിങ്കൽതന്നെ അവസാനം അറിയുന്നവൻ, നമ്മിൽ എന്ത് അവൻ ആരംഭിച്ചുവോ ആ പ്രവർത്തി തികയ്ക്കുവാനും അവൻ വിശ്വസ്തനാണ്. നാം എന്താണെന്നുള്ളത് അവന്റെ പൂർണ്ണ ഉത്തരവാദിത്വമാകുന്നു. അവനത് അംഗീകരിക്കുന്നു. അവനോട് ചേർന്നുനിന്ന് നമ്മുടെ ഭാരങ്ങൾ അവന്റെമേൽ ഇട്ട് സാത്താന്റെ മേൽ ജയിക്കാൻ യേശുവിനെ അനുവദിക്കുക മാത്രമാണ് നമ്മുടെ കർത്തവ്യം.

നാം കണ്ടതുപോലെ, ഒരു **show**യ്ക്കായിട്ട് പന്തും കൊണ്ടു നടന്നു, അവസാനം യേശുവിന്റെ കൈയിൽ കൊടുക്കും. അവൻ ജയം നേടി തരുമ്പോൾ ഞാൻ പറയും ''നമ്മൾ കൊള്ളാം''. എന്നാൽ തികച്ചും വ്യത്യസ്തമായി പുതുവർഷം ഏറ്റം അടുത്ത സമയത്തു തന്നെ പന്ത് അവന്റെ കൈയിലേക്ക് ശക്തിയോടെ എറിയൂ. അവനത് ഗോളാക്കട്ടെ. വർഷാവസാനം നല്ല സ്കോർ ദൈവസന്നിധിയിൽ എത്താനും, നിറഞ്ഞു കവിയുന്ന ദൈവീക സമാധാനവും സന്തോഷവും അനുഭവിപ്പാനും കർത്താവ് സഹായിക്കട്ടെ.

പരാമർശം :
റോമർ 2:10

നന്മ പ്രവർത്തിക്കുന്ന ഏവന്നു മഹത്വവും മാനവും സമാധാനവും ആദ്യം യെഹൂദന്നും പിന്നെ യവനന്നും ലഭിക്കും.

സിസ്റ്റർ ബിന്ദു റെജി അയ്മനം 021